(സി) ഇതിന്റെ പിന്നിൽ അന്തർ സംസ്ഥാന സ്പിരിറ്റ് ലോബി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ലോബിയെ പിടികൂടുവാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പിടികൂടിയിട്ടുണ്ട്.

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും സ്പിരിറ്റ് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അനധികൃതമായി സംസ്ഥാനത്തിന്റെ പുറത്തുനിന്ന് സ്പിരിറ്റ് കടത്തുന്നത് തടയുവാൻ ചെക്ക്പോസ്റ്റുകളിൽ പരിശോധന 24 മണിക്കൂറും കർശനമാക്കിയും റോഡ് പരിശോധനകൾ നിരന്തരം നടത്തിയും രഹസ്യനിരീക്ഷണം നടത്തി സദാസമയം പ്രവർത്തിക്കുന്ന ഒരു സ്ട്രൈക്കിംഗ് ഫോഴ്സിനെ നിയോഗിച്ചും താലൂക്കുതല കൺട്രോൾ റൂമുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ ചെക്ക്പോസ്റ്റുകളിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പോലീസ് വകുപ്പ് അന്വേഷണം മറ്റ് സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുകയും നിലവിലുള്ള നിയമപ്രകാരം ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ബാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകുന്നതു സംബന്ധിച്ച് വ്യവസ്ഥകളിൽ വരുത്തിയ മാറ്റങ്ങൾ

45 [1875] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകുന്നതു സംബന്ധിച്ച വ്യവസ്ഥകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നിലയിലുള്ള മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇപ്പോൾ ഒരു വർഷത്തേക്കുള്ള കിസ്ത് തുക എത്ര ലക്ഷമാണ്;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ഉണ്ടായിരുന്ന ബാർ ഹോട്ടലുകളുടെയും ബീയർ പാർലറുകളുടെയും മൊത്തം എണ്ണം എത്രയായിരുന്നു; ഇപ്പോൾ അവയുടെ എണ്ണം എത്രയാണ്;

(സി) ബാർ ഹോട്ടലുകൾക്കോ ബീയർ പാർലറുകൾക്കോ ലൈസൻസ് ലഭിക്കുന്നതിനായി ഇതിനകം എത്ര പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ടൂറിസം വകുപ്പിൽനിന്നും ലഭിച്ച അപേക്ഷകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള ദൂരപരിധി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ; ഏതെല്ലാം അപേക്ഷകളിലാണ് ദൂരപരിധി വ്യവസ്ഥകൾ ഇളവുചെയ്തുകൊണ്ട് ലൈസൻസ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3 സ്റ്റാറോ അതിൽ ഉയർന്ന പദവിയോ ഉള്ള ഹോട്ടലുകൾക്കും ഹെറിറ്റേജ് ഹോട്ടലുകൾക്കും ബാർ ലൈസൻസ് അനുവദിക്കാൻ തീരുമാനമായി. ലൈസൻസ് ഫീസ് 13 ലക്ഷം രൂപയിൽനിന്നും 15 ലക്ഷം രൂപയായും 15 ലക്ഷം രൂപയിൽനിന്ന് പിന്നീട് 18 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. ഇപ്പോൾ ലൈസൻസ് ഫീസ് 18 ലക്ഷമാണ്.

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 461 ബാർ ഹോട്ടലുകളും 47 ബീയർ പാർലറുകളും ഉണ്ടായിരുന്നു. ഇപ്പോൾ ബാർ ഹോട്ടലുകളുടെ എണ്ണം 523-ഉം, ബീയർ പാർലറുകളുടെ എണ്ണം 53-ഉം ആണ്.

(സി) ബാർ ഹോട്ടലുകൾക്കുള്ള ലൈസൻസ് ലഭിക്കുന്നതിനായി 6 അപേക്ഷകളും ബീയർ പാർലറുകൾക്കുള്ള ലൈസൻസിനായി 13 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിൽനിന്നും അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കെ.റ്റി.ഡി.സി.യിൽനിന്നും ബീയർ പാർലർ ആരംഭിക്കുന്നതിനായി 3 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അമ്പലം, പള്ളി, പട്ടികജാതി-പട്ടികവർഗ്ഗ കോളനി, പൊതുശ്മശാനം എന്നിവയിൽനിന്നും 200 മീറ്റർ ദൂരപരിധിക്കുപുറത്ത് ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകാവുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദൂരപരിധി ഇളവുചെയ്തുകൊണ്ട് ലൈസൻസ് നൽകിയിട്ടില്ല.

കള്ളുഷാപ്പുകളുടെ ലൈസൻസ് ഫീസ് വർദ്ധനവ്

46 [1876] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച 2005-2006-ലെ അബ്കാരി നയം പരമ്പരാഗത വ്യവസായമായ കള്ളുവ്യവസായത്തെ തകർക്കുന്നതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കള്ളുഷാപ്പുകൾ ലേലംചെയ്തു നൽകുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly